സി.ജി(2) 43910/08

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 29/5/2013

**Email : keralarcs.coop@kerala.gov.in**
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 36/2013

വിഷയം: സഹകരണ വകുപ്പ് - കേരള കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്തു കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വായ്പകളിൽ കർഷക വിഹിതം അടയ്ക്കുന്നതിന് ഉത്തരവിൽ പറയുന്ന തീയതിയ്ക്കകം റിക്കവറി നടപടികൾ സ്വീകരിക്കാൻ പാടില്ലെന്ന നിർദ്ദേശം-സംബന്ധിച്ച്.

സൂചന: 27.4.2013 ലെ ജി.ഒ (ആർ.റ്റി) 741/13/കൃഷി/നമ്പർ സർക്കാർ ഉത്തരവ്.

.................

കടാശ്വാസം അനുവദിക്കുന്നതിനായി കർഷകർ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ നൽകിയിട്ടുള്ള വ്യക്തിഗത അപേക്ഷകളിൽ അപേക്ഷകനെയും ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിനെയും കേട്ടതിന് ശേഷമാണ് കമ്മീഷൻ അപേക്ഷന്റെ കടതുക നിശ്ചയിച്ചു കൊണ്ടും അതിൽ ഒരു വിഹിതം കടാശ്വാസമായി അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തു കൊണ്ടും ബാക്കി തുക നിശ്ചിത തീയതിയ്ക്കകം അപേക്ഷൻ അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു കൊണ്ടും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഇപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ കർഷക വിഹിതം അടയ്ക്കുന്നതിന് കമ്മീഷൻ അനുവദിച്ചിട്ടുള്ള നിശ്ചിത തീയതിയ്ക്ക് മുമ്പ് തന്നെ കർഷകർക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ കടാശ്വാസം ശുപാർശ ചെയ്തു കൊണ്ട് കർഷക കടാശ്വാസ കമ്മീഷൻ അന്തിമ ഉത്തരവ് നൽകിയിട്ടുള്ള വായ്പകളിൽ, കർഷക വിഹിതം അടയ്ക്കുന്നതിന് ഉത്തരവ് പ്രകാരം കമ്മീഷൻ അനുവദിച്ചിട്ടുള്ള

നിശ്ചിത തീയതിയ്ക്കകം കർഷകർക്കെതിരെ യാതൊരു തരത്തിലുള്ള റിക്കവറി നടപടികളും സഹകരണ സംഘങ്ങൾ/ബാങ്കുകൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സ്വീകരിക്കാൻ പാടില്ലായെന്ന് നിർദ്ദേശിക്കുന്നു.

ടി നിർദ്ദേശം സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി കൊണ്ടു വരേണ്ടതാണ്.

ഒപ്പ്,
കെ.ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ